Class No. : ..................................

**FSE 08**

Name : ..........................................

# FIRST YEAR HIGHER SECONDARY SECOND TERMINAL EVALUATION, DECEMBER 2019

## Part – II

## MALAYALAM

Maximum : 80 Scores

Time : 2½ Hours

Cool-off Time : 15 Minutes

---

**പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട 2½ മണിക്കൂർ സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**Score**

**(1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം തെരഞ്ഞെടുത്തെഴുതുക. സ്കോർ 2 വീതം).** **(4×2=8)**

**1.** സ്മരണതൻ ദൂരസാഗരം തേടിയെൻ

ഹൃദയരേഖകൾ നീളുന്നു പിന്നെയും

ഈ വരികളിലെ ആശയത്തോട് ചേർന്നു നിൽക്കുന്ന രണ്ടു വാക്യം എടുത്തെഴുതുക.

- കടൽപോലെ വലുതാണ് ഓർമ്മയും
- ഏതൊന്നും ഓർക്കാനില്ലാത്തതിന്റെ നിരാശ
- ഓർമ്മകളിൽ ആണ്ടു മുഴുകുന്നതിന്റെ സൂചന
- ഓർമ്മകളെ തള്ളിപ്പറയുന്ന നിസ്സംഗത

**2.** 'കായലരികത്ത്' എന്ന സിനിമാഗാനത്തിനു യോജിക്കുന്ന രണ്ടു വിശേഷണം കണ്ടെത്തിയെഴുതുക.

- സംഗീതാത്മകതകൊണ്ട് വിരസമായിത്തീർന്ന രചന
- പ്രണയതീവ്രതയോടൊപ്പം നർമ്മരസമുള്ള രചന
- ഗ്രാമീണതയും നിഷ്കളങ്കതയും പ്രതിഫലിക്കുന്ന രചന
- നാഗരികതയുടെ വിശേഷങ്ങൾ പങ്കിടുന്ന രചന

Score

3. ജനപ്രിയ സിനിമകളെ വിലയിരുത്താൻ സഹായിക്കുന്ന രണ്ടു സൂചനകൾ എഴുതുക.
   - ജനപ്രിയസിനിമകൾ ഉത്തമകലാസൃഷ്ടികളാണ്
   - വിശ്രമവേളകൾക്കുള്ള വിനോദവിഭവങ്ങളാണ്
   - യാഥാർഥ്യങ്ങളിൽ നിന്ന് ഒളിച്ചോടുന്നു
   - ജനപ്രിയ സിനിമകളിൽ നിന്ന് ഒന്നും പഠിക്കാനില്ല

4. 'കാളിന്ദീതീരത്തെക്കാനനം തന്നിലെ –
   കാട്ടുളെന്തിനല്ലോ ഞാൻ വളർന്നു
   എന്നുമതിന്നുള്ളൊരിച്ച പുലമ്പിയു –
   ണ്ടെന്നുള്ളിലെന്നു തെറിനാലും'

   ഈ വരികളിൽ തെളിയുന്നത്
   - കുട്ടിക്കാലം ചെലവഴിച്ച സ്ഥലത്തോടുള്ള അഗാധമായ ഇഷ്ടം
   - കുട്ടിക്കാലത്തെ തിക്താനുഭവങ്ങളുടെ സ്മരണ
   - കുട്ടിക്കാലത്തെ മധുരാനുഭവങ്ങൾ മറക്കാനാകാത്ത
   - കുട്ടിക്കാലം ഒരു പ്രധാന കാര്യമൊന്നുമല്ല എന്ന സന്ദേശം

5. 'കേൾക്കുന്നുണ്ടോ ?' എന്ന ഹ്രസ്വചിത്രത്തിനു യോജിച്ച രണ്ടു പ്രസ്താവന എടുത്തെഴുതുക.
   - കാഴ്ചയില്ലാത്തവരെ അവഗണിക്കാനുള്ള കാരണങ്ങൾ വെളിവാക്കുന്നു.
   - കാഴ്ചയില്ലാത്തവരുടെ ഉൾക്കാഴ്ചയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.
   - കാഴ്ചയുണ്ടായിട്ടും കാണാതെ പോകുന്നവയിലേക്കുള്ള കാഴ്ച തരുന്നു.
   - കാഴ്ചയില്ലെങ്കിൽ ജീവിതമില്ല എന്ന് പഠിപ്പിക്കുന്നു.

**(6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക.)** **(3×2=6)**

6. 'ആദ്യമേ കാണാതിരുന്നുഴിഞ്ഞാലാടിലേ നാം
   സൂര്യ വെറ്റില തിന്ന ചുലർ വരുവോളം' **(ഊഞ്ഞാലിൽ)**
   അടിവരയിട്ട ഭാഗത്തിന്റെ കാവ്യഭംഗി എന്താണെന്നു വ്യക്തമാക്കുക.

7. 'ബൈസിക്കിൾ മോഷ്ടാക്കൾ' എന്ന സിനിമയിലെ ബ്രൂണോയുടെ സ്വഭാവത്തിന്റെ രണ്ടു പ്രത്യേകതകൾ കുറിക്കുക.

8. 'ഏകാന്തവനനദീതീരങ്ങൾ തേടി, ഗാന –
   നാകങ്ങൾ തുഴഞ്ഞുപോം പറവപ്പറ്റങ്ങളെ'
   എന്ന ഈരടിയെ ആകർഷകമാക്കുന്നവ എന്താണ് ? ഏതെങ്കിലും രണ്ടു കാര്യങ്ങൾ എഴുതുക.

9. 'വായും മൂക്കും പൊത്തിപ്പിടിച്ചു വരിഞ്ഞുകെട്ടിയിട്ട പെരുമ്പാമ്പിനെപ്പോലെ വിരസമായ നിരത്തു നീണ്ടു കിടക്കുന്നു'. **(ലാത്തിയും വെടിയുണ്ടയും)**
   നിരത്തിനെ ഇങ്ങനെ അവതരിപ്പിക്കുന്നതിലെ യുക്തിയെന്തെന്ന് വ്യക്തമാക്കുക.

**Score**

**(10 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക. സ്കോർ 4 വീതം.)** **(5×4=20)**

10. 'മണൽത്തരിയോളം പോന്നൊരു
മത്സ്യം
കടൽത്തിരയോട്
ഒറ്റയ്ക്കു പൊരുതി നിന്നു'
മത്സ്യത്തിന്റെ മാത്രം പോരാട്ടത്തിന്റെ സൂചനയാണോ ഇത് ? വ്യക്തമാക്കുക.

11. 'ഹിന്ദി ഉൾപ്പെടെയുള്ള എല്ലാ ഇന്ത്യൻ ഭാഷകളിലെയും ജനപ്രിയ സിനിമകളിലെ മുഖ്യപ്രതിപാദ്യം ഇന്നും കുടുംബമാണ്' ഈ നിരീക്ഷണം എത്രമാത്രം ശരിയാണ് ? നിഗമനങ്ങൾ എഴുതുക.

12. 'കൈപ്പാട്' എന്ന ആധാരചിത്ര (ഡോക്യുമെന്ററി ഫിലിം) ത്തെ മികവുറ്റതാക്കുന്ന ഏതെങ്കിലും ഒരു പ്രത്യേകതയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

13. 'കേൾക്കുന്നുണ്ടോ ?' എന്ന ഹ്രസ്വചിത്രത്തിൽ ഹസ്സയുടെ ഭാവനാലോകം അവതരിപ്പിക്കുന്നുണ്ടല്ലോ. ഇതിന് എന്തെങ്കിലും പ്രാധാന്യം നിങ്ങൾ കാണുന്നുണ്ടോ ? വിശദമാക്കുക.

14. 'അനർഘനിമിഷം' എന്ന കഥയിലെ യാത്ര എന്ന ആശയത്തിന് നിങ്ങൾ കാണുന്ന സവിശേഷത എന്താണ് ? വ്യക്തമാക്കുക.

15. പഴുത്ത ഇരുമ്പിൽ നിന്ന് ആയിരം രൂപങ്ങൾ വളർത്തിയെടുക്കുന്ന കൊല്ലനും പുതിയ ലോകങ്ങൾ തേടിപ്പോകുന്ന ജോനാഥനും ഒരേ ആശയത്തെയാണോ പ്രതിനിധാനം ചെയ്യുന്നത് ? നിഗമനങ്ങൾ കുറിക്കുക.

**(16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 6 വീതം)** **(4×6=24)**

16. 'അനുഭൂതിയും സംഘർഷവും കൊണ്ട് സങ്കീർണ്ണമാണ് 'സന്ദർശനം' എന്ന കവിതയിലെ പ്രണയം' ഈ പ്രസ്താവന 'സന്ദർശന'ത്തിന് എന്തുമാത്രം യോജിക്കുന്നുണ്ട് ? നിരീക്ഷണ കുറിപ്പ് തയാറാക്കുക.

17. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനം പ്രകൃതിയെ മറന്നുകൊണ്ടു ജീവിക്കുന്നവർക്കുള്ള വിമർശനമായി തീരുന്നുണ്ടോ ? പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

18. 'സൈക്കിൾ മോഷ്ടാക്കൾ' എന്ന സിനിമ സൗന്ദര്യാത്മകതയും സാമൂഹികതയും സന്ധിക്കുന്ന കലാസൃഷ്ടിയാണോ ? വിലയിരുത്തി ലഘുപന്യാസം എഴുതുക.

19. 'അർത്ഥമുള്ളത് കവിതയല്ല; അർത്ഥത്തിനപ്പുറമുള്ളതാണ് കവിത' എന്ന് എം. എൻ. വിജയൻ പറഞ്ഞ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? പ്രതികരണക്കുറിപ്പ് തയാറാക്കുക.

20. സ്വാതന്ത്ര്യസമരസേനാനികളുടെ ആവേശകരമായ ധീരതയാണോ ക്ലോക് ടവറിലേക്ക് പതാകയുമായി കയറിയ കുട്ടിയിൽ പ്രകടമാകുന്നത് ? പാഠഭാഗം മുൻനിർത്തി വിശദമാക്കുക.

**(തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് 21 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം എഴുതുക. സ്കോർ 2 വീതം.)** **(3×2=6)**

Score

സന്തോഷവാനായിരിക്കാൻ എനിക്ക് ഒരു ദിവസത്തേക്കുള്ള നിശ്ചിതയളവ് സാഹിത്യകൃതികൾ ലഭിച്ചിരിക്കണം. അക്കാര്യത്തിൽ ഓരോ ദിവസവും നിശ്ചിതയളവ് മരുന്നു സേവിക്കുന്ന രോഗിയും ഞാനും തമ്മിൽ ഒരു വ്യത്യാസവുമില്ല. പ്രമേഹരോഗികൾക്ക് ദിവസേന ഒരു കുത്തിവെപ്പ് ആവശ്യമുണ്ടെന്ന് ബാല്യകാലത്ത് അറിയാനിടയായപ്പോൾ അവരോട് എനിക്ക് സഹതാപം തോന്നി; എന്റെ ദൃഷ്ടിയിൽ അവർ പാതി മരിച്ചവരായിരുന്നു. സാഹിത്യരചനയോടുള്ള ആശ്രിതത്വം അതേ രീതിയിൽ എന്നെ പാതി മരിച്ചവനാക്കി. ഞാൻ ഒരു യുവഗ്രന്ഥകർത്താവ് ആയിരുന്ന കാലത്ത്, യഥാർത്ഥജീവിതത്തിൽ നിന്ന് അകറ്റിമാറ്റപ്പെട്ടവനായിട്ടാണ് മറ്റുള്ളവർ എന്നെ കണ്ടിരുന്നതെന്ന് എനിക്കറിയാം. അങ്ങനെ 'പാതി മരിച്ചവനായി' ജീവിക്കാൻ വിധിക്കപ്പെട്ടവനാണ് ഞാൻ. ഒരു പക്ഷേ കൂടുതൽ യുക്തമായ ഭാഷാപ്രയോഗം 'പാതി ആത്മാവ്' എന്നുള്ളതായിരിക്കും. ഞാൻ പൂർണ്ണമായി മരിച്ചവനാണെന്നും സാഹിത്യരചനയിലൂടെ എന്റെ മൃതശരീരത്തിലേക്കു പറന്നുപോയ ആത്മാവിനെ ആവാഹിച്ചെടുക്കാൻ ശ്രമിക്കയാണെന്നുമുള്ള ഒരു സങ്കല്പം ഞാൻ ഇടയ്ക്കിടെ താലോലിക്കാറുണ്ട്. എനിക്ക് സാഹിത്യ രചനകൾ ദിവ്യ ഔഷധമാണ്; മറ്റുള്ളവർ സ്പൂൺ ഉപയോഗിച്ചും കുത്തിവെപ്പിലൂടെയും സ്വീകരിക്കുന്ന ഔഷധം പോലെ; ദിവസേനയുള്ള എന്റെ നിശ്ചിത അളവ് സാഹിത്യരചന അനുദിനമുള്ള ഔഷധമാണ്. പക്ഷേ, സാധ്യമെങ്കിൽ അതിന് നിശ്ചിത അളവ് നിലവാരവും ഉണ്ടായിരിക്കണം.

എന്റെ വ്യഥ അനുഭവിക്കുന്നവർക്ക്, ദിവസേന നിലവാരം പുലർത്തുന്ന ഒരു പകുതി പേജെങ്കിലും എഴുതാൻ സാധിക്കുക എന്നതാണ് ഏറ്റവും നല്ല ഔഷധവും സന്തോഷാനുഭൂതിയും. മുപ്പതുവർഷക്കാലം ഒരു ദിവസം ഏകദേശം പത്തുമണിക്കൂർ ഞാൻ ഒറ്റയ്ക്ക് എന്റെ മുറിയിൽ എന്റെ മേശയ്ക്കരികിൽ ഇരുന്നിട്ടുണ്ട്. പ്രസിദ്ധീകരിക്കാൻ യോഗ്യമായവ മാത്രം എണ്ണിനോക്കിയാൽ ഒരു ദിവസത്തെ എന്റെ ശരാശരി രചന എന്നു പറയുന്നത് ഒരു പാതി പേജിനേക്കാൾ കുറവാണ്. ഞാൻ എഴുതുന്നവയിൽ പലതും എന്റെ മാനദണ്ഡമനുസരിച്ചുള്ള ഉത്കൃഷ്ടതയും ഗുണനിലവാരവും പുലർത്തുന്നവയല്ല. ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്ന കഷ്ടാനുഭവത്തിന്റെ പ്രധാന ഉറവിടങ്ങളാണ് അവ രണ്ടും. **(ഓർഹൻ പാമുക്ക്)**

21. 'അങ്ങനെ പാതി മരിച്ചവനായി ജീവിക്കാൻ വിധിക്കപ്പെട്ടവനാണ് ഞാൻ' എന്നു പറയുന്നതിനുള്ള ന്യായമെന്ത് ?

22. എഴുത്തുകാരൻ ഇടയ്ക്കിടെ താലോലിക്കാറുള്ള സങ്കല്പം എന്ത് ?

23. തന്റെ രചനയെ ഓർഹൻ പാമുക്ക് വിലയിരുത്തുന്നത് എങ്ങനെ ?

**(24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കുറയാതെ ഉത്തരം എഴുതുക. സ്കോർ 8 വീതം.)** **(2×8=16)**

24. ' ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിൽ വൃദ്ധയുടെ എഴുത്തുജീവിതം നേരിട്ട പ്രശ്നങ്ങളാണല്ലോ അവതരിപ്പിച്ചിരിക്കുന്നത്. ഇത് സ്ത്രീകളുടെ സർഗ്ഗാത്മകജീവിതത്തെ എത്രമാത്രം പ്രതിഫലിപ്പിക്കുന്നുണ്ട് ? നിരൂപണക്കുറിപ്പ് തയാറാക്കുക.

25. യൗവനകാലത്തെ ഓർമ്മകൾകൊണ്ട് വാർദ്ധക്യകാലത്തെ വിരസതയെ മറികടക്കാനുള്ള ആഗ്രഹമാണോ 'ഊഞ്ഞാലിൽ' എന്ന കവിതയെ ആകർഷകമാക്കുന്നത് ? ശാകുന്തളം കഥ അതിന്റെ ഭാഗമാകുന്നുണ്ടോ ? വിശകലനം ചെയ്ത് ആസ്വാദനം തയാറാക്കുക.

26. ആരുടെ മനസ്സിലും കുടികൊള്ളുന്ന ബാല്യകാലാനുഭൂതികളെ 'പിലിക്കണ്ണുകൾ' എന്ന കവിതയിൽ കാണാനാകുമോ ? പരിശോധിച്ച് ഉപന്യാസം രചിക്കുക.